# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3328

19/06/2019-ൽ മറുപടിയ്ക്ക്

## ആർ.എൽ.വി.കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലെ അനധ്യാപക തസ്തികകൾ

**ചോദ്യം**

**മറുപടി**

ശ്രീ.എം.സ്വരാജ് :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലെ അനധ്യാപക തസ്തികകളിലെ ജീവനക്കാരുടെ ദൗർലഭ്യം കാരണം സംജാതമാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഇവിടെ നിലവിൽ എത്ര വിദ്യാർത്ഥികളാണുള്ളതെന്ന് അറിയിക്കുമോ; | (ബി) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ 555 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. |
| (സി) | ഇവർക്ക് ആവശ്യമായ സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് സഹായകരമാവും വിധം കൂടുതൽ അനധ്യാപക ജീവനക്കാരെ ആവശ്യാനുസരണം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സിലെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ നിന്ന് സീനിയർ ക്ലാർക്ക് ശ്രീ.ജിബി. എം. ജോർജിനെ സേവനക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ടി കോളേജിൽ നിലവിലുള്ള അനദ്ധ്യാപക തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| സീനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 2 |
| അറ്റൻഡർ | 3 |
| ഓഫീസ് അറ്റൻഡന്റ് | 4 |

| | |
|---|---|
| പാർട്ട് - ടൈം സ്വീപ്പർ | 2 |
| പാർട്ട് - ടൈം സാനിട്ടേഷൻ വർക്കർ | 2 |
| പാർട്ട് ടൈം നൈറ്റ് വാച്ച്മാൻ | 2 |
| ടൈപ്പിസ്റ്റ് | 1 |

ഇതിന് പുറമേ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, കുക്ക്, ഹൗസ് കീപ്പിംഗ്, സെക്യൂരിറ്റി ജീവനക്കാരെ കുടുംബശ്രീ മുഖാന്തിരം നിയമിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. മറ്റ് അനദ്ധ്യാപക തസ്തികൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**